Follow KCS on

THE KCS NEWS

www.kcschicago.com www.facebook.com/ChicagoKCS

KNANAYA CATHOLIC SOCIETY OF CHICAGO

DECEMBER 2014 VOL 2 ISSUE 17

Patron: **Arch Bishop Rt. Rev. Dr. Mathew Moolakatt**
Spiritual Director : **Rev. Fr. Abraham Mutholath**
President: **George Thottapuram**
Secretary: **Juby Vennalasseril**
News Editor : **Simon Kattappuram**

ക്രിസ്തുമസ് പുതുവത്സരാഘോഷം ഡിസംബർ 31ന്

കെ. സി. എസിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ക്രിസ്തുമസ്, പുതുവത്സരാഘോഷം ഡിസംബർ 31-ാം തീയതി ബുധനാഴ്ച വൈകിട്ട് 9.30തിന് കെ. സി. എസ് കമ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ കെ. സി.എസ് അംഗങ്ങളെയും ആഘോഷ പരിപാടികളിൽ പങ്കെടുക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി സെന്ററിലേക്ക് കെ.സി.എസ്. ഭരണസമിതി സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

പുതിയ ഭരണസമിതിയുടെ സത്യപ്രതിജ്ഞ ഡിസംബർ 31ന്

അടുത്ത രണ്ടുവർഷത്തേക്ക് കെ. സി. എസിനെ നയിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ജോസ് കണിയാലിയുടെ നേതൃത്വത്തിലുള്ള കെ. സി. എസ്സ് ഭരണസമിതിയുടേയും, നാഷണൽ കൗൺസിൽ അംഗങ്ങളുടേയും, ലെജിസ്ലേറ്റീവ് ബോർഡ് അംഗങ്ങളുടേയും സത്യപ്രതിജ്ഞ ഡിസംബർ 31-ാം തീയതി ബുധനാഴ്ച വൈകിട്ട് ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങൾക്കൊപ്പം കമ്യൂണിറ്റി സെന്ററിൽ വച്ചു നടത്തുന്നതാണെന്നു അറിയിക്കുന്നു. എല്ലാ കെ. സി. എസ്സ് അംഗങ്ങളേയും സത്യാപ്രതിജ്ഞാ ചടങ്ങുകൾക്ക് ക്ഷണിക്കുന്നു.

കെ. സി. എസ്സ് പൊതുയോഗം ഡിസംബർ 31ന്

കെ. സി. എസ്സ് ഭരണഘടനക്കനുസൃതമായി നിയുക്ത പ്രസിഡന്റ് ജോസ് കണിയാലിക്കും, വൈസ് പ്രസിഡന്റ് റോയി നെടുംചിറക്കും തങ്ങളുടെ ഭരണസമിതിയിലേക്കുള്ള സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ എന്നിവരെ നോമിനേറ്റു ചെയ്യുന്നതിനുവേണ്ടി മാത്രമായി കെ. സി. എസ്സ് പൊതുയോഗം ഡിസംബർ 31-ാം തീയതി ബുധനാഴ്ച വൈകിട്ട് 10.45 ന് കെ. സി. എസ്സ് കമ്മ്യൂണിറ്റി സെന്ററിൽ പ്രസിഡന്റ് ജോർജ്ജ് തോട്ടപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതായിരിക്കും. ഈ പൊതുയോഗത്തിൽ മേൽ പറഞ്ഞ ഭാരവാഹികളുടെ നോമിനേഷൻ നിയുക്ത പ്രസിഡന്റ് നടത്തുന്നതല്ലാതെ മറ്റുള്ള ഒരു വിഷയങ്ങളും അജണ്ടയിൽ ഉൾപ്പെടുത്തുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നതല്ല എന്നും കൂടി അംഗങ്ങളെ അറിയിക്കുന്നു.

എന്ന് സ്നേഹപൂർവ്വം
ജൂബി വെന്നലശ്ശേരി
കെ. സി. എസ്സ് സെക്രട്ടറി

കെ. സി.എസ് വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം



ചിക്കാഗോ : ഡിസംബർ ആറാം തീയതി കമ്യൂണിറ്റി സെന്ററിൽ പ്രസിഡന്റ് ചിന്നു തോട്ടത്തിന്റെ അധ്യക്ഷതയിൽ കൂടിയ കെ. സി. എസിന്റെ വിമൻസ് ഫോറം ജനറൽ ബോഡി മീറ്റിംഗിൽ വച്ച് 2015-2016 കാലഘട്ടത്തിലേക്കുള്ള ചിക്കാഗോ കെ. സി. എസ് വിമൻസ് ഫോറത്തിന്റെ പ്രസിഡന്റായി പ്രതിഭാ തച്ചേട്ടിനേയും വൈസ് പ്രസിഡന്റായി

(ശേഷം പേജ് 2 ൽ)

ഭൂമിയിൽ സൻമനസ്സുള്ളവർക്കു സമാധാനം

ശാന്തിയുടേയും സമാധാനത്തിന്റേയും ത്യാഗത്തിന്റേയും സന്ദേശവുമായി ഒരിക്കൽകൂടി ക്രിസ്തുമസ്സ് ആഗതമാവുകയാണല്ലോ. ആധുനികതയുടെ അതിപ്രസരത്തിൽ ജീവിക്കുന്ന നമ്മുക്ക് ശരിക്കുള്ള ശാന്തിയും സമാധാനവും അനുഭവിക്കാൻ പറ്റുന്നുണ്ടോ?

ഹൃദയസമാധാനമാണ് മനുഷ്യനു കിട്ടാവുന്ന ഏറ്റവും വലിയ സമ്പത്ത്. തന്റെ സഹജീവിയുമായി അനുരജ്ഞനത്തിലാകാതെ ഇതു നേടിയെടുക്കാം എന്ന ചിന്ത വ്യർത്ഥമാണ്. പ്രതീക്ഷയ്ക്ക് വിരുദ്ധമായി കാര്യങ്ങൾ നടക്കുമ്പോൾ മനുഷ്യൻ പെട്ടന്നു കോപിച്ചെന്നു വരാം. മറ്റുള്ളവരെ പഴിചാരുകയും ചെയ്യും. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ഉണ്ടാകുന്ന ''പൊട്ടിത്തെറിക്കലുകളോട്'' വിവേകപൂർവ്വവും സൗമ്യമായും പ്രതികരിക്കാൻ കഴിയാതെ വന്നാൽ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയേയുള്ളൂ. വിട്ടുവീഴ്ചാമനോഭാവമുള്ള വ്യക്തികൾ ജീവിക്കുന്ന സമൂഹത്തിലെ സമാധാനവും ശാന്തിയും കൈവരും.

എല്ലാമറിയാമെന്ന അഹന്ത മാറ്റി, സർവം തികഞ്ഞവനെന്ന ഭാവം മാറ്റി മറ്റുള്ളവരുടെ സദ്ദുപദേശങ്ങൾക്കും താക്കീതുകൾക്കും ചെവികൊടുക്കുക. ആരേയും നിസ്സാരമായി കാണരുത്. ഒന്നിനേയും പുച്ഛിച്ചു തള്ളുകയും വേണ്ട. വിടരുന്ന പൂവിനും, വീഴുന്ന ഇലയ്ക്കും, താരാട്ടുപാട്ടിനും, മരണമണിമുഴക്കത്തിനും എന്നു വേണ്ട പ്രപഞ്ചത്തിലുള്ള പലതിനും നമ്മോടു പലതും പറയുവാനുണ്ട്. ഒപ്പം ആർക്കെങ്കിലുമൊക്കെ വേണ്ടി സമാധാന ദൂതനായി അയക്കപ്പെടാനുള്ള നിയോഗവും നമുക്കുണ്ട്.

നമ്മുടെ ചിന്തകളിലൂടേയും മൊഴികളിലൂടേയും കർമ്മങ്ങളിലൂടേയുമൊക്കെ പല സന്ദേശങ്ങളും അറിഞ്ഞോ അല്ലാതെയോ നമ്മൾ നമ്മുടെ ചുറ്റുമുള്ളവർക്കു നൽകുന്നുണ്ട്. അവയേക്കുറിച്ച് ബോധവാനായിരിക്കുക. അവയൊന്നും ആർക്കും ഒരിക്കലും എന്നും ഇടർച്ചക്കുള്ള കാരണമാകാതിരിക്കട്ടെ.

എല്ലാവർക്കും സ്നേഹത്തിന്റെയും സമാധാനത്തിന്റേയും ക്രിസ്തുമസ്സ് പുതുവത്സരാശംസകളോടെ.....

സൈമൺ കട്ടപ്പുറം
ന്യൂസ് ലെറ്റർ കമ്മറ്റി ചെയർമാൻ

കെ. സി.എസ് വിമൻസ് ഫോറത്തിന് പുതിയ നേതൃത്വം

(ഒന്നാം പേജിൽനിന്നും തുടർച്ച)



ഷീബ മുത്തോലത്തേയും സെക്രട്ടറിയായി ബിനു എടക്കരയേയും ജോയിന്റ് സെക്രട്ടറിയായി ടീന കുളങ്ങരയേയും ട്രഷററായി ബിൻസി പുത്തറയിലിനേയും ഐക്യകണ്ഠേന തെരഞ്ഞെടുത്തു. വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുവാൻ 20 ഏരിയാ കോർഡിനേറ്റഴ്സിനേയും 5 പേരടങ്ങുന്ന അഡ്വൈസറി ബോർഡിനേയും അന്നേ ദിവസം തെരഞ്ഞെടുത്തു. കെ. സി. എസ് പ്രസിഡന്റ്, ജോർജ്ജ് തോട്ടപ്പുറം പ്രസിഡന്റ് ചിന്നു തോട്ടത്തിന്റെ നേതൃത്വത്തിൽകഴിഞ്ഞ രണ്ടു വർഷക്കാലം വിമൻസ് ഫോറം നടത്തിയ പ്രവർത്തനങ്ങളെ അനുമോദിച്ചു. നിയുക്ത പ്രസിഡന്റ് ജോസ് കണിയാലി, പുതിയ നേതൃത്വത്തെ അഭിനന്ദിക്കുകയും വിമൻസ് ഫോറത്തിന്റെ അടുത്ത രണ്ടു വർഷത്തേക്കുള്ള പ്രവർത്തന പരിപാടികൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

EXECUTIVE BOARD:
PRESIDENT
GEORGE THOTTAPURAM
847-975-9239
VICE PRESIDENT
JESSMON PURAMADATHIL
224-766-9695
SECRETARY
JUBY VENNALASSERIL
847-293-9261
JOINT SECRETARY
BABU THAIPPARAMBIL
630-935-2644
TREASURER
JUSTIN THENGANATT
847-287-5125
LEGISLATIVE BOARD
Jaimon Nanthikattu(Chairman)
Tomy Kannala(V. Chairman)
FINANCE COMMITTEE
George Ealoor(Chairman)
Thomas Appozhiparambil
James Mannakulam
Peena Manappallil
Sudeep Makil
OUTDOOR COMMITTEE
James Koladiyil(Chairman)
Jacob Mannarkattil
Sunil Koitara
Gipson Pillaveettil
Ebi Thekkemalayil
ENTERTAINMENT COMMITTEE
Prathibha Thachett(Chairwoman)
Santhosh Kalarickaparambil
Jowyal Elakkattu
Naiju Manakattu
NEWSLETTER COMMITEE
Simon Kattapuram(news editor)
Xavior Madathilparambil
Abin Kulathilkarottu
MEMBERSHIP COMMITTEE
Anand Akasala(Chairman)
Tomy Plathottathil
LITURGY COMMITTEE
Joby Kuzhiyamparambil(Chairman)
Laly Mukalel
Biju Kannachanparambil
LAISON BOARD:
Jose Simon Mundaplackal(Chairman)
Stephen(Sabu)Padinjarel(V.Chairman)
Jomon Chakariamthadathil
Teddy Muzhayanmakkal
Mathadas Ottathyical
BUILDING BOARD:
Joy Kottoor
Shaji Pulimala
NATIONAL COUNCIL MEMBERS:
Deepu Kandarappallil (Youth Rep)
Serine Madayanakavil (Women's Rep)
Tomy Nediyakala
James Thirunelliparambil
Tony Pullapally
Jose Thattarettu
Jojo Analil
AUDITOR:
Jose Vattadikunnel

കൃതജ്ഞതയോടെ ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ

പ്രിയ ക്നാനായ സഹോദരി സഹോദരന്മാരേ,

സമാധാനവും സന്തോഷവും നിറഞ്ഞ ഒരു ക്രിസ്തുമസ്സിന്റേയും, ഈശ്വരാനുഗ്രഹത്തിന്റേയും സമ്പൽ സമൃദ്ധമായതുമായ ഒരു പുതു വത്സരത്തിന്റേയും ആശംസകൾ ഏവർക്കും ആദ്യമായി നേരുന്നു.

കെ. സി. എസ് എന്ന മഹത്തായ സംഘടനയുടെ വളർച്ചയുടെ പാദയിൽ രണ്ടു വർഷംകൂടി പിന്നിട്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷം സംഘടനയുടെ നേതൃസ്ഥാനത്ത് നിന്ന് പ്രവർത്തിക്കുവാൻ അവസരം നൽകിയതിന് ഞാൻ ദൈവത്തിന് പ്രത്യേകം നന്ദി പറയുന്നു. ഒരു ജനാധിപത്യ സംഘടന എന്ന നിലയിലും, ഒരു സാമുദായിക സംഘടന എന്ന നിലയിലും പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ അഭിപ്രായ ഐക്യവും, അഭിപ്രായ വ്യത്യാസങ്ങളും സ്വാഭാവികമാണ്. പക്ഷേ എല്ലാവരും ആഗ്രഹിക്കുന്നത് സംഘട നയുടെ വളർച്ചയുമാണ്. പോയ രണ്ടുവർഷക്കാലം ധാരാളം ചർച്ചകൾക്കും നമ്മുടെ സംഘട നയും വേദിയായിമാറിയിരുന്നു. ഈ അഭിപ്രായ ഐക്യങ്ങളിലും അഭിപ്രായ വ്യത്യാസങ്ങ ളിലും ആരുടെയെങ്കിലും മനസ്സു വേദനിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതൊരിക്കലും മന പ്പൂർവം ആയിരുന്നില്ല എന്ന് ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

നമ്മൾ ആതിധേയത്വം വഹിച്ച കെ. സി. സി എൻ എ കൺവെൻഷനിൽ ചില ഏരിയ യിൽ ഉണ്ടായ പ്രശ്നങ്ങൾ ഇന്നും കരിനിഴലായി നിലനിൽക്കുകയാണ്. 2014 ൽ ഡാളസിൽ നടന്ന കെ. സി. സി. എൻ നാഷണൽ കൗൺസിൽ കൺവെൻഷൻ സംബന്ധമായ തീരുമാന ങ്ങൾ കെ. സി. സി. എൻ. എ എക്സിക്യൂട്ടീവിൽ എടുക്കപ്പെടണമെന്ന തീരുമാനത്തോടെ തീരുമാനങ്ങൾ എടുക്കാൻ സാധിക്കാതെ നിന്ന ഒരു കൺവെൻഷൻ കമ്മറ്റിയും, ചെയർമാനും, യാതൊരുവിധ അധികാരവുമില്ലാതായ ലോക്കൽ എക്സിക്യൂട്ടീവും പല സമയത്തും നോക്കു കുത്തിയായി മാറേണ്ടി വന്നു. തീരുമാനങ്ങൾ എടുക്കാൻ കെ. സി. സി. എൻ. എ എക്സിക്യൂ ട്ടീവ് തീരുമാനങ്ങൾ എടുക്കാതെ, കോൺട്രാക്റ്റുകൾ സമയത്ത് ഒപ്പിടാതെ, കാര്യങ്ങൾ മുന്നോ ട്ടുപോയപ്പോൾ ഞങ്ങളുടെ കരങ്ങൾ കെട്ടപ്പെടുകയായിരുന്നു. എന്നിരുന്നാലും കൺവെൻഷൻ ദിനങ്ങളിൽ എല്ലാം ഭംഗിയായി മുന്നോട്ടു പോകും എന്ന് വിശ്വസിച്ച ഞങ്ങൾക്ക് ഒരു മലവെ ള്ളപ്പാച്ചിലിൽ എല്ലാം നഷ്ടപ്പെട്ട് നിൽക്കുന്ന ഒരു കുടുംബനാഥന്റെ അവസ്ഥയിൽ എത്തപ്പെ ടുകയായിരുന്നു. എന്തു പറഞ്ഞാലും അവർ പറയും ഇതു കെ. സി. സി. എൻ. എ കൺവെൻഷ നാണ്. ഞങ്ങൾ തീരുമാനങ്ങൾ അറിയിച്ചുകൊള്ളാം. ഒന്നുമാത്രം അറിയാം ഒരു തീരുമാ നവും ഉണ്ടായില്ല. ലോക്കൽ യൂണിറ്റിനെ ഉള്ള കുറ്റപ്പെടുത്തലുകൾ മാത്രം മിച്ചം.

കെ. സി. എസിന്റെ കഴിഞ്ഞ രണ്ടു വർഷത്തേക്ക് ഒന്നു തിരിഞ്ഞുനോക്കുമ്പോൾ മനസ്സി ലൂടെ കടന്നുപോകുന്ന ഏതാനും കാര്യങ്ങൾ ചുവടെ ചേർക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു

1. കെ.സി. എസിന്റെ പ്രവർത്തനങ്ങൾ കമ്യൂണിറ്റി സെന്ററിൽ മാത്രം കേന്ദ്രീകരിച്ചു മുന്നോട്ടു പോകാതെ സബ്ബേർബുകളിലേക്ക് എന്നതിന്റെ അടിസ്ഥാനത്തിൽ സബ്ബേർബുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പിക്നിക്കിനു തുടക്കം കുറിക്കാൻ സാധിച്ചു.
2. നമ്മുടെ സമൂഹത്തിലേക്ക് പുതുതായി വരുന്ന സമുദായാംഗങ്ങളെ പരിചയപ്പെടുത്തുക എന്ന ഉദ്ദേശത്തോടും, അവർക്ക് ആവശ്യമായ തൊഴിൽ, സർക്കാർ അനുബന്ധ വകുപ്പു കളിൽ നിന്നു ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചു അറിയിക്കാനുമായി എംപ്ലോയ്മെന്റ് റിസോഴ്സ് കമ്മറ്റിക്കു തുടക്കം കുറിച്ചു.
3. കെ. സി. എസ് ചാരിറ്റി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുവേണ്ടി ഡോളർ ഫോർ ക്നാനായ കമ്മറ്റി രൂപീകരിക്കുകയും അതുവഴി വൈദ്യ, വിദ്യാഭ്യാസ, ഭവന നിർമ്മാണ സഹായങ്ങൾ ചെയ്യുവാനും സാധിച്ചു.
4. ഹോഫ്മാൻ എസ്റ്റേറ്റ് പ്രോപ്പർട്ടിയിൽ നിന്നും ആയിരത്തിനാനൂറ് ഡോളർ മാസവരുമാനം ലഭിക്കത്തക്ക രീതിയിൽ ആക്കിത്തീർക്കാൻ സാധിച്ചു എന്നത് ആശ്വാസകരമാണ്.
5. ഈ രാജ്യത്ത് ജനിച്ചുവളർന്നതും വളരെ ചെറുപ്പത്തിൽ നാട്ടിൽ നിന്നു വന്നതുമായ യുവ ജനനേതൃത്വത്തെ കെ. സി. എസിൽ നിന്നും കെ. സി. സി. എൽ നേതൃത്വത്തിൽ എത്തി ക്കാൻ നമുക്ക് സാധിച്ചു.
6. കെ. സി. എസ് ഭരണഘടനയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താതെ കാലോചി തമായ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഭരണഘടനാ ഭേദഗതി വരുത്താൻ സാധിച്ചു.

(ശേഷം പേജ് 6 ൽ)

കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ

എന്റെ ഏറ്റവും സ്നേഹം നിറഞ്ഞ ക്നാനായ മാതാപിതാക്കളെ, സഹോദരി സഹോദരന്മാരേ!

ക്നാനായ സമുദായത്തിന്റെ ഈറ്റില്ലമായ ചിക്കാഗോയിൽ, നമ്മുടെ അഭിമാനമായ കെ. സി. എസിന്റെ വൈസ് പ്രസിഡന്റായി സമുദായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാൻ കഴിഞ്ഞ രണ്ടു വർഷക്കാലം അവസരം തന്ന ചിക്കാഗോയിലെ മുഴുവൻ ക്നാനായ സമുദായാംഗങ്ങൾക്കും നന്ദി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സംഘടനയുടെ വിജയം എന്നു പറയുന്നത് സംഘടനയുടെ പരിപാടികൾ വിജയിക്കുമ്പോളാണ്. കഴിഞ്ഞ രണ്ടു വർഷക്കാലം ചിക്കാഗോ കെ. സി. എസിന്റെ അംഗങ്ങളുടെ അഭിരുചിക്കനുസരിച്ച് വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും അവ വിജയകരമായി നടപ്പിലാക്കുവാനും ഞങ്ങളുടെ എക്സിക്യൂട്ടീവിന് സാധിച്ചുവെന്നത് അഭിമാനകരമായ ഒരു കാര്യമായി കരുതുന്നു. വിജയകരമായി ഈ പരിപാടികളെല്ലാം നടത്തുവാൻ സാധിച്ചത് നിങ്ങൾ ഓരോരുത്തരും തന്ന പ്രോത്സാഹനവും വിവിധ പരിപാടികളിൽ ഉൽസാഹത്തോടെ പങ്കെടുത്തതുകൊണ്ടുമാണ്. കെ. സി. എസിന്റെ ആദിമുഖ്യത്തിൽ നടത്തിയ പരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

കഴിഞ്ഞ രണ്ടുവർഷക്കാലം കെ. സി. എസിന്റെ പോഷകസംഘടനകളുടെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമായിരുന്നു. വർദ്ധിച്ചുവരുന്ന ജനപിന്തുണയുടെ ഉദാഹരണമായിരുന്നു പുതുതായി രൂപംകൊണ്ട രണ്ടു പോഷകസംഘടനകളായ സീനിയർ സിറ്റിസൺ ഫോറവും ഗോൾഡീസ് ക്ലബും. കെ. സി. എസിന്റെ പൊതുപരിപാടികളിലും അവരുടേതായ അംഗങ്ങൾക്കുവേണ്ടി നടത്തിയ പരിപാടികളിലും ഓരോ പോഷകസംഘടനയും തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിച്ചു. ഓരോ പോഷകസംഘടനയുടെയും ഭാരവാഹികളെ ഇത്തരുണത്തിൽ ഞാൻ സ്മരിക്കുന്നു.

എടുത്തു പറയേണ്ടതാണ്, മൂന്നു കമ്മറ്റികൾ കാഴ്ചവച്ച പ്രവർത്തനങ്ങൾ. മേയാമ്മ ടീച്ചറിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട കോൺസ്റ്റിറ്റ്യൂഷൻ കമ്മറ്റി വളരെ വിജയകരമായിതന്നെ പ്രവർത്തനം പൂർത്തിയാക്കി നമ്മുടെ കോൺസ്റ്റിറ്റ്യൂഷനെ അത്യാധുനികമാക്കി. ശ്രീ ടോമി കണ്ണാലയുടെ നേതൃത്വത്തിലുള്ള റിസോർസ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നിരവധി അംഗങ്ങളുടെ പ്രശംസ പിടിച്ചു പറ്റുകയുണ്ടായി. നിരവധി കുടുംബങ്ങൾക്ക് 'ഡോളർ ഫോർ ക്നാനായ' വഴി സമാഹരിച്ച തുക ആശ്വാസമേകി. ശ്രീ. ജെയ്മോൻ നന്ദികാട്ടായിരുന്നു ഈ കമ്മറ്റിയുടെ ചെയർമാൻ. ഇവർക്കെല്ലാം ഞാൻ നന്ദിയും കടപ്പാടും അറിയിക്കുന്നു.

നമ്മുടെ പാരമ്പര്യങ്ങളിലധിഷ്ഠിതമായ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് മുൻപോട്ട് ശക്തമായി സംഘടനകൾ മുന്നേറണ്ടത് ഇന്നിന്റെ ആവശ്യമാണ്. കഴിഞ്ഞ രണ്ടു വർഷക്കാലം കെ. സി. എസിന്റെ പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി നിന്ന മുഴുവൻ പോഷകസംഘടനാഭാരവാഹികൾക്കും അതേപോലെ തന്നെ മുഴുവൻ സമുദായാംഗങ്ങൾക്കും ഒരിക്കൽ കൂടി നന്ദി പറയുകയും എല്ലാവർക്കും ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും മംഗളങ്ങൾ നേർന്നുകൊണ്ട് നിർത്തുന്നു.

സസ്നേഹം

ജെസ്മോൻ പുറമഠത്തിൽ

വൈസ് പ്രസിഡന്റ്



ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി

സ്നേഹം നിറഞ്ഞ മാതാപിതാക്കളേ സഹോദരി സഹോദരങ്ങളേ,

കഴിഞ്ഞ രണ്ടു വർഷക്കാലം ലോകത്തിലെ ക്നാനായ സംഘടനകളിൽ ഏറ്റവും സജീവവും കേന്ദ്രസ്ഥാനം വഹിക്കുന്നതുമായ ചിക്കാഗോ കെ. സി. എസിന്റെ സെക്രട്ടറിയായി സേവനം ചെയ്യുവാനുള്ള അവസരം തന്ന നിങ്ങൾക്കോരുത്തർക്കും ഞാൻ നന്ദി പറയുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലം കെ. സി. എസിന്റെ ആദിമുഖ്യത്തിൽ നടത്തുന്ന പരിപാടികളുടെ വാർത്തകൾ സമുദായംഗങ്ങളുടെ ഇടയിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും എത്തിക്കുവാൻ എന്റെ കഴിവിന്റെ പരമാവധി ഞാൻ ശ്രമിച്ചിട്ടുണ്ട്. അതുപോലെ സത്യസന്ധമായി, കെ. സി. എസിന്റെ വിവിധയോഗങ്ങളുടെ സംഭവവിവരങ്ങൾ രേഖപ്പെടുത്താനും ഭരണഘടന അനുശാസിക്കുന്ന തരത്തിൽ പ്രവർത്തനം നടത്തുവാനും പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് കമ്യൂണിക്കേഷന്റെ (സോഷ്യൽ മീഡിയ) വിവിധ രൂപങ്ങൾ (ഫെയ്സ് ബുക്ക്, ട്വിറ്റർ, യുട്യൂബ്, വിവിധതരം വെബ്സൈറ്റ്, ബ്ലോഗ്സ്,) ഈ മെയിൽ സംവിധാനം എന്നിങ്ങനെയുള്ള നടുവാഴികൾ, വാർത്താ മാധ്യമരംഗത്തുള്ള അച്ചടി മാധ്യമത്തിന്റെ പാരമ്പര്യമായുള്ള സർവ്വാധിപത്യം തകർത്ത് അതിനെ വെറും നാടുവാഴിയാക്കിമാറ്റുകയും തങ്ങളുടേതായ ചെറിയലോകങ്ങൾ സമാനമായി കെട്ടിപ്പടുക്കുകയും ചെയ്യുന്ന ലോകത്താണ് നമ്മൾ ജിവിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഒരു സെക്രട്ടറിയുടെ ജോലി ബൃഹത്താണ്. കാരണം, ഈ നാടുവാഴികളുടെ എല്ലാവരുടേയും സഹയത്തിൽ മാത്രമേ വാർത്തകൾ അതാതു നാടുവാഴികളുടെ കീഴിലുള്ള ജനങ്ങളിൽ എത്തിക്കുവാൻ സാധിക്കുകയുള്ളു. പണ്ട്, പഴയ സർവ്വാധിപതിയെ മാത്രം ആശ്രയിച്ചാൽ മതിയായിരുന്നു കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാൻ. ഈ ദൗത്യത്തിൽ എന്നെ സഹായിച്ച സനീഷ് അറയ്ക്കപ്പറമ്പിലിനോടും, റ്റെഡി മുഴിയൻമാക്കലിനോടും, സജി പണയപ്പറമ്പിലിനോടും, ടിബു മയിലാടുംപാറയിലിനോടും, ജോർജ് തോട്ടപ്പുറത്തിനോടും എനിക്ക് നിർദ്ദേശ്ശങ്ങൾ തന്ന എക്സിക്യൂട്ടീവ് അംഗങ്ങളോടും എന്റെ നന്ദി ഞാൻ ഈ അവസരത്തിൽ അറിയിക്കുന്നു.

എന്റെ ദൗത്യങ്ങളിൽ പാളിച്ചകൾ വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ രണ്ടു വർഷക്കാലം ഒരു സെക്രട്ടറി എന്ന നിലയിൽ നിങ്ങളുടെ പ്രതീക്ഷക്കൊത്ത് പ്രവർത്തിക്കുവാനും സമുദായത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നു. കഴിഞ്ഞ നാളുകളിൽ നിങ്ങളോരോരുത്തരും തന്ന അകമഴിഞ്ഞ സ്നേഹത്തിനും നിർദ്ദേശങ്ങൾക്കും ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും ഞാൻ നന്ദി പറയുന്നു.

പ്രസിദ്ധ തത്ത്വചിന്തകനും സാഹിത്യത്തിന് നോബൽ സമ്മാനം നേടിയ വ്യക്തിയുമായ ബർട്രാൻഡ് റസ്സൽ ഒരിക്കൽ പറഞ്ഞു. "നമ്മുടെ വളർച്ചയ്ക്ക് മൂർച്ചകൂട്ടുന്നതിനുതകുന്ന തരത്തിലുള്ള അത്ഭുതസ്വഭാവങ്ങളുള്ള കാര്യങ്ങൾ ഈ ലോകം നിറയെ ശാന്തമായി നമുക്കുവേണ്ടി കാത്തിരിക്കുന്നു."

കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നമ്മുടെ ഈ കമ്മൂണിറ്റിയിൽ നിസ്വാർത്ഥ സേവനത്തിന്റെ അത്ഭുത കിരണങ്ങൾ ഞാൻ ദർശിച്ചിട്ടുണ്ട്. അതുപോലെ തന്നെ സ്വാർത്ഥതയുടെ വിഷങ്ങൾ ചീറ്റുന്നതും ജനാധിപത്യ മര്യാദകളെ നിഷ്കരുണം ധ്വംസനം ചെയ്യുന്നതും കണ്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. അതിൽനിന്ന് കിട്ടിയ അനുഭവജ്ഞാനത്തോടെ അത്ഭുതകരമായ മറ്റ് കാഴ്ചകൾക്ക് വേണ്ടി അനന്തമായി വ്യാപിച്ചുകിടക്കുന്നതും, മനുഷ്യന് ശ്വാസമടക്കി എത്തിച്ചേരാവുന്നതിനപ്പുറം അടിത്തട്ടിൽ ആണ്ടുകിടക്കുന്ന സത്യങ്ങളുടെ മുത്തുച്ചിപ്പികൾ നിറഞ്ഞതുമായ സമുദ്രത്തിന്റെ തീരത്ത് കക്കകൾ പെറുക്കിനടക്കുന്ന ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ കാത്തിരിക്കുന്നു.

ഒരിക്കൽ കൂടി എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ക്രിസ്തുമസ്സിന്റേയും പുതുവത്സരത്തിന്റേയും മംഗളങ്ങൾ നേർന്നുകൊള്ളുന്നു.

സ്നേഹത്തോടെ

ജൂബി വെന്നലശേരി

സെക്രട്ടറി

സ്നേഹാദരങ്ങളോടെ...

സ്നേഹം നിറഞ്ഞ ക്നാനായ സഹോദരങ്ങളെ,

ഒരു നിമിഷം പിന്നോട്ടു ചിന്തിച്ചാൽ കഴിഞ്ഞ രണ്ടു വർഷം എന്നെ സംബന്ധിച്ചിടത്തോളം ഒത്തിരി ആത്മ സംതൃപ്തി നൽകിയ ദിനങ്ങളായിരുന്നു. സമുദായത്തിനു വേണ്ടി സംഘടനയുടെ നേതൃനിരയിൽ പ്രവർത്തിക്കാൻ കിട്ടിയ അവസരം. ഈ അവസരം എനിക്കു നൽകിയ നിങ്ങൾ ഓരോരുത്തർക്കും പ്രത്യേകമായ നന്ദി ഈ അവസരത്തിൽ ഞാൻ അറിയിക്കട്ടെ. സംഘടനാ നേതൃത്വത്തിലേക്ക് വരുന്നതിനു മുമ്പും സംഘടനയ്ക്കുവേണ്ടി ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. ഞങ്ങളുടെ കാലാവധി കഴിഞ്ഞ് ഇറങ്ങിയാലും എന്നാൽ കഴിയുന്ന രീതിയിൽ എന്നും സംഘടനയോടൊപ്പം ഉണ്ടാകും എന്നു ഞാൻ വാക്കു തരുന്നു.

എന്റെ സഹോദരങ്ങളെ, നിങ്ങൾക്ക് അറിയാമല്ലോ കേരളത്തിന് വെളിയിൽ എവിടെയെല്ലാം ക്നാനായക്കാരുണ്ടോ അവിടെയെല്ലാം സമുദായം പല വെല്ലുവിളികളും നേരിടുകയാണ്. ജന്മത്തിലും കർമ്മത്തിലും അധിഷ്ഠിതമാണ് ഈ സമുദായം. അതിലൂടെ മാത്രമേ സമുദായത്തിന് നിലനില്പുള്ളു എന്ന സത്യം നാം മനസ്സിലാക്കണം. സ്വവംശവിവാഹനിഷ്ഠയല്ലേ സത്യത്തിൽ മറ്റു കത്തോലിക്കരിൽ നിന്നും ക്നാനായ കത്തോലിക്കനെ വ്യത്യസ്തനാക്കുന്നതും. അതിന്റെ ഗുണങ്ങൾ എന്തെല്ലാം നമ്മൾ അനുഭവിക്കുന്നു. നമ്മുടെ സ്നേഹം, സാഹോദര്യം, പങ്കുവയ്ക്കൽ, സ്വന്തം രക്തത്തോടുള്ള ആത്മാർത്ഥത അങ്ങനെ എന്തെല്ലാം. മറ്റ് ക്രിസ്ത്യാനികളും അന്യജാതിയിൽ പെട്ടവർ പോലും സത്യത്തിൽ അസൂയയോടെയല്ലെ നമ്മുടെ കൂട്ടായ്മയെ വിശേഷിപ്പിക്കുന്നത്. ഇതിനെല്ലാം ആധാരം സ്വവംശവിവാഹനിഷ്ഠതന്നെയല്ലെ. പുരോഗമവാദം നല്ലതുതന്നെ. സ്വന്ത ജനത്തെ തള്ളിപ്പറയുന്ന പുരോഗമനം നമ്മളെത്തന്നെ ഇല്ലാതാക്കും.

കോട്ടയം രൂപതയിലെ ഇടവക സംവിധാനം അമേരിക്കയിലെ നമ്മുടെ പള്ളികളിൽ ആകുന്നതുവരെ ഇവിടെ സംഘടനയ്ക്കുവളരെയേറെ പ്രാധാന്യം ഉണ്ട്. സമുദായത്തിന്റെ നിലനിൽപ്പിനുതന്നെ സംഘടനയുടെ നിലനിൽപ്പ് അനിവാര്യമാണ്. കോട്ടയം രൂപതയിലെ പള്ളികളുടെ സംവിധാനം ഇവിടെയുള്ള നമ്മുടെ പള്ളികളിൽ ആയാൽ പിന്നെ സംഘടനക്കു പ്രാധാന്യം ഇല്ല എന്നുള്ള സത്യവും നമ്മൾ മനസ്സിലാക്കണം.

സംഘടന നല്ല രീതിയിൽ പ്രവർത്തിക്കണമെങ്കിൽ സമുദായത്തോട് ആത്മാർത്ഥതയുള്ള നേതാക്കന്മാർ വരണം. സമുദായത്തിന്റെ ഉന്നമനമായിരിക്കണം അവരുടെ ലക്ഷ്യം. അല്ലാതെ കിട്ടിയ സ്ഥാനത്തിന്റെ പവർ കാണിക്കുവാനും, വ്യക്തിവൈരാഗ്യം തീർക്കുവാനും സ്വന്തം സ്ഥാനം ദുരുപയോഗം ചെയ്യുന്നവരും ആയിരിക്കരുത് നേതൃത്വത്തിലേക്കു വരുന്നവർ. പക്വതയില്ലാത്ത നേതൃത്വം സംഘടനയെ നശിപ്പിക്കും. കെ. സി. സി. എൻ. എ പോലുള്ള പ്രസ്ഥാനത്തിന്റെ തലപ്പത്തേക്കു വരുന്നവരെ തെരഞ്ഞെടുക്കുമ്പോൾ നേതൃനിരയിൽ മികവു തെളിയിച്ച, യോഗ്യരായവരെ തെരഞ്ഞെടുക്കുവാൻ നമ്മൾ ഓരോരുത്തരും ശ്രമിക്കണം. കാരണം സംഘടനയുടെ നിലനില്പ് നമ്മൾ ഓരോരുത്തർക്കും ആവശ്യമാണ്. കഴിഞ്ഞ കാല അനുഭവങ്ങൾ പലതും നമ്മളെ പഠിപ്പിച്ചു.

ക്രിസ്ത്യാനിയെന്നു കേട്ടാൽ അഭിമാനപൂരിതമാകണം അന്ത:രംഗം
ക്നാനായ എന്നു കേട്ടാലോ തിളയ്ക്കണം ചോര ഞങ്ങൾക്കു ഞരമ്പുകളിൽ

ക്നാനായ സമുദായത്തിൽ ജനിച്ച നാം ഓരോരുത്തരും അഭിമാനിക്കണം. കാരണം ക്നാനായക്കാരല്ലാത്തവർ അത്രയേറെ നമ്മുടെ കൂട്ടായ്മയെ പുകഴ്ത്തുന്നുണ്ട്. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ നമ്മുടെ തന്നെ ആൾക്കാർ നമ്മുടെ സമുദായത്തെ തള്ളിപ്പറയുന്നത് കേൾക്കുവാൻ ഇടയായിട്ടുണ്ട്. "കണ്ണുള്ളപ്പോൾ കണ്ണിന്റെ വില അറിയില്ല" കോട്ടയം രൂപതയിൽ എൻഡോഗമി പാലിക്കാൻ പറഞ്ഞിട്ടില്ലത്രേ! ഇൻ യൂണിവേഴ്സൽ ക്രിസ്ത്യൻ ആയി പരിശുദ്ധ സിംഹാസനം അംഗീകരിച്ച് വിശുദ്ധ പത്താം പീയൂസ് കോട്ടയം വികാരിയത്ത് സ്ഥാപിച്ചപ്പോൾ അതിൽ വ്യക്തമായി പറയുന്നുണ്ട് തെക്കും ഭാഗർക്ക് ആണെന്ന്. ആരാണ് തെക്കും ഭാഗർ? തെക്കുഭാഗരു മാതാവിലും പിതാവിലുംജനിക്കുന്നവരാണ് തെക്കുംഭാഗർ. അപ്പോൾ പിന്നെ എന്തു പ്രശസ്തിയാണ് മേൽപറഞ്ഞ വാദത്തിന്.

നമ്മളെ കാനാനായക്കാർ എന്ന വിളിപ്പേരിൽ അറിയപ്പെടുവാൻ തുടങ്ങിയിട്ട് ഏറിയാൽ ഇരുപത്തിയഞ്ച് മുപ്പത് വർഷത്തിൽ കൂടുതൽ ആയിട്ടില്ല. അതിനുമുമ്പ് തെക്കുംഭാഗർ എന്നാണ് നമ്മൾ അറിയപ്പെട്ടിരുന്നത്.

സമുദായം ഒരു സന്യാസവും സഭ ഒരു വിശ്വാസവും ആണെന്നുള്ള സത്യം നമ്മൾ മനസ്സിലാക്കണം. എൻഡോഗമി പാലിക്കുന്ന നമ്മളെ ബബിൾ വിരുദ്ധമെന്നു വിമർശിക്കുന്നവരും മറ്റൊരുതരത്തിൽ എൻഡോഗമി തന്നെ

(ശേഷം പേജ് 7 ൽ)

ഹൃദയപൂർവ്വം

സ്നേഹം നിറഞ്ഞ കെ. സി. എസ് മെമ്പേഴ്സ്,

സമുദായ സ്നേഹം സംഘടനാ പ്രവർത്തനത്തിലൂടെ രുചിച്ചറിഞ്ഞ ആ രണ്ടു വർഷക്കാലം പൂർത്തിയാകുന്ന ഈ അവസരത്തിൽ അതിനായി ചിക്കാഗോയിലെ ഓരോ ക്നാനായക്കാരും തന്ന സ്നേഹസഹകരണങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

ഐക്യവും സഹകരണവും അടിത്തറയാക്കിയ ഒരു നല്ല എക്സിക്യൂട്ടീവിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. ഒരുപാട് അവകാശവാദങ്ങളൊന്നുമില്ലെങ്കിലും, സംഘടനയെ ശക്തിപ്പെടുത്തുവാനുള്ള കുറെ നല്ല പ്രവർത്തനങ്ങളുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.

കെ. സി. എസ് ട്രഷറർ എന്ന നിലയിൽ സംഘടനയുടെ സമ്പത്ത് സംരക്ഷിക്കുവാനും അതോടൊപ്പം അത് വളർത്തുവാൻ ഞാനും ഈ എക്സിക്യൂട്ടീവും ഈ കാലയളവിൽ ആത്മാർത്ഥമായി ശ്രമിക്കുകയും അതിന് നല്ലവരായ കെ. സി. എസ് അംഗങ്ങളുടെ സഹകരണം ലഭിക്കുകയുണ്ടായി. ക്രിസ്തുമസ് കരോൾ, സ്റ്റേജ് ഷോ, സ്പെഷ്യൽ ഫണ്ട് റൈസിംഗ് എന്നീ പരിപാടികളിലൂടെ **135000** ഡോറളോളം സമാഹരിക്കാനും കെ. സി. എസിന്റെ രണ്ടുവർഷക്കാലത്തെ വൈവിധ്യമാർന്ന ഒരുപാട് പ്രവർത്തനങ്ങൾക്ക് ശേഷവും 75000 ഡോളർ സ്ഥിര നിക്ഷേപത്തിൽ നിക്ഷേപിക്കുവാൻ സാധിച്ചതിൽ ഈ എക്സിക്യൂട്ടീവ് അഭിമാനം കൊള്ളുകയും അതിനായി സഹകരിച്ച എല്ലാ നല്ല ക്നാനാക്കാരേയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു. ഇന്ന് കെ.സി.എസിന് 275000 ഡോളറോളം സ്ഥിരനിക്ഷേപമുണ്ട്. സമുദായത്തിന്റെ നട്ടെല്ലായ ഈ സംഘടനക്ക് ഭാവിയിലും എന്റെ എല്ലാവിധ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ഈ രണ്ടു വർഷക്കാലം നിങ്ങൾ എനിക്കും ഈ എക്സിക്യൂട്ടീവിനും നൽകിയ എല്ലാ സ്നേഹത്തിനും സഹകരണത്തിനും നന്ദി പറഞ്ഞുകൊണ്ടും നിറുത്തട്ടെ.

സ്നേഹത്തോടെ
ജസ്റ്റിൻ തെങ്ങനാട്ട്
കെ. സി. എസ്. ട്രഷറർ

കൃതജ്ഞതയോടെ ഏവർക്കും

(മൂന്നാം പേജിൽനിന്നും തുടർച്ച)

7. കെ. സി. എസ് ഭരണസമിതിയിൽ 30 വയസ്സിൽ താഴെയുള്ള യുവജനത്തിന് പ്രാതിനിധ്യം ഭരണഘടനാമാറ്റത്തിലൂടെ ഉറപ്പുവരുത്തിയിട്ടുണ്ട്.
8. ലെജിസ്ലേറ്റീവ് ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പ് ഇനി മുതൽ വാർഡ് അടിസ്ഥാനത്തിലായിരിക്കും നടത്തുക.
9. സംഘടനാ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെ. സി. എസിന് എട്ടു വാർഡുകൾ തിരിക്കുകയുണ്ടായി.
10. കഴിഞ്ഞ രണ്ടു വർഷത്തെ വിവിധ ധനസമാഹരണത്തിന്റെ ഭാഗമെന്ന നിലയിൽ **75000/-** ഡോളർ സ്ഥിരനിക്ഷേപത്തിൽ നിക്ഷേപിക്കുകയുണ്ടായി. മുൻപ് ഉണ്ടായിരുന്ന **2,00,000** ഡോളർ ഉൾപ്പെടെ ഇപ്പോൾ **2,75,000/-** ഡോളർ സംഘടനയുടെ സ്ഥിര നിക്ഷേപത്തിൽ ഉള്ള വിവരം സന്തോഷപൂർവം അറിയിക്കുന്നു.
11. 2014 കെ. സി. സി. എൻ. എ കൺവെൻഷൻകെ. സി. എസ്.ആതിധേയത്വം വഹിച്ചു.
12. യുവജനങ്ങൾക്കുവേണ്ടി രണ്ടു തവണ ക്നാനായ ബാസ്കറ്റ് ബോളിന് സ്പോൺസർഷിപ്പ് ചെയ്യാൻ കെ. സി. എസിന് സാധിച്ചു.
13. ഫ്രൈഡെ ഗ്രൂപ്പ് ഓഫ് ഗോൾഡീസിനെ കെ സി. എസിന്റെ പോഷക സംഘടനയായി അംഗീകരിക്കുകയും അത് ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു.
14. സീനിയർ സിറ്റിസൺ ഫോറം തുടങ്ങുകയും കെ. സി. എസ് പോഷക സംഘടന എന്ന നിലയിൽ അംഗീകാരത്തോടെ ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു.
15. പന്ത്രണ്ട് വർഷങ്ങൾക്കു മുൻപ് രൂപീകൃതമായതും കെ.സി.എസ്.പോഷകസംഘടനയുമായ യുവജനവേദിയെ കെ. സി. എസ് ഭരണഘടനയിൽ ഉൾപ്പെടുത്തി.
16. കെ. സി. എസ് തെരഞ്ഞെടുപ്പ് നവംബർ അവസാനമെന്നുള്ളത് ഒക്ടോബർ അവസാനത്തേ ശനിയാഴ്ചയിലേക്ക് മാറ്റി ഭരണഘടനയിൽ ഭേദഗതി വരുത്തി.
17. പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞ 2016 മുതൽ ഡിസംബർ 31-ാം തീയതി എന്നതിനു പകരം ഡിസംബർ മാസത്തെ രണ്ടാമത്തെ ശനിയാഴ്ചത്തേക്കു മാറ്റാനുള്ള ഭരണഘടനാ മാറ്റം വരുത്തി.
18. എല്ലാവർഷവും താങ്കസ് ഗിവിംഗിനു മുൻപുള്ള ശനിയാഴ്ച നടത്താറുള്ള ആനുവൽ ജനറൽബോഡി ഇനി മുതൽ ഡിസംബർ മാസത്തെ രണ്ടാമത്തെ ശനിയാഴ്ചയിലേക്ക് മാറ്റാൻ വേണ്ടി ഭരണഘടനയിൽ വ്യത്യാസം വരുത്തി.

അങ്ങനെ പല നല്ലകാര്യങ്ങൾ നടന്നപ്പോഴും ഒരു ദുഃഖം മാത്രം. ഒരു ജീം എന്നത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ല. ധാരാളം പരിശ്രമങ്ങൾ നടത്തിയെങ്കിലും സാമ്പത്തികമായും ലൊക്കേഷൻ വൈസും നമുക്ക് പറ്റിയ ഒരു പ്രോജക്ട് ലഭിച്ചില്ല.

കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനത്തിൽ സഹായിച്ച ഏവർക്കും ഹൃദയത്തിന്റെ ഭാഷയിൽ, സ്നേഹത്തിന്റെ ഭാഷയിൽ ഇരു കൈയ്യും കൂട്ടി നന്ദി പറയുകയാണ്. അടുത്ത രണ്ടുവർഷം കെ. സി. എസിന് നയിക്കാൻ തെരഞ്ഞെടുത്തിരിക്കുന്ന പ്രസിഡന്റ് ജോസ് കണിയാലി, വൈസ് പ്രസിഡന്റ് റോയി നെടുംചിറ ടീമിന് എല്ലാ ആശംസകളും, സഹായസഹകരണങ്ങളും ഈ അവസരത്തിൽ വാഗാദാനം ചെയ്യുന്നു. ഒരിക്കൽ കൂടി ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും ആശംസകൾ നേർന്നു കൊണ്ട് നിർത്തുന്നു.

എന്ന് സ്നേഹപൂർവ്വം
ജോർജ് തോട്ടപ്പുറം
കെ. സി. എസ് പ്രസിഡന്റ്

കിരനോട്ടം (2013)

പ്രിയ കെ.സി.എസ്. മെമ്പേഴ്സ്,
ജനങ്ങളാൽ തെരഞ്ഞെടുത്ത ഈ കെ.സി.എസ്. ഭരണസമിതി, അതിന്റെ രണ്ടുവർഷം പൂർത്തിയാക്കുമ്പോൾ നടപിലാക്കിയ പ്രവർത്തനങ്ങളുടെ ഒരു നേർചിത്രം ചുവടെ ചേർക്കുന്നു.

1. പ്രവർത്തനോദ്ഘാടനം, 2. മാർ മാക്കിൽ അനുസ്മരണം,
3. സൂപ്പർ ബോൾ പാർട്ടി,
4. കമ്മ്യൂണിറ്റി സെന്റർ റിനോവേഷൻ (ഓഫീസ് കോൺഫ്രൻസ് ഹാൾ),
5. കെ.സി.സി.എൻ.എ.ഇലക്ഷൻ, നാഷണൽ കൗൺസിൽ മീറ്റിംഗ്,(2014 കൺ വൻഷൻ നേടിയെടുക്കുവാൻ സാധിച്ചു.)
6. ക്നാനായ റാലി (1200 ക്നാനായക്കാർ പങ്കെടുത്തു),
7. Special General Boady (To comply with constitution of KCCNA for the selection of Convention Chairman) Establishment of Senior Citizen Forum and KCS Goldies.
8. Dollar for Knanaya Project ($5000 distributed for Charity)
9. Resource Committee (Helpful many to final jobs)
10. Fund raising show (Raised $50k profit to KCS Funds)
11. Graduation and parents day party
12. KCS west side picnic
13. KCS Camping
14. KCS Olympics
15. Onam & Grand Parents day celebration
16. KCS Youth Festival
17. Community with Gym open house
18. Social body and General body meetings
19. Establishment of Constitution Review committee
20. Knanaya night
21. Xmas Carol (Raised #13k to kcs Funds)
22. KCS Basketball Tournament (2 sessons)
23. Introduction of new familis to community
24. KCS 30th anniversary

കിരനോട്ടം (2014)

1. Memorial serivice of Fathers and meeting	January 18
2. Super bowl party	- Febraury 05
3. Seminar on challenges faced by	
4. Knanaya community	March 02
5. Seminar on Will and Obamacare	April 05
6. Biju Thuruthiyil Badminton Tournament	May 18
7. Graduation and Parents' Day-	June 15
8. KCS Picnic-	June 28
9. KCCNA Convention-	July 3, 4, 5 6
10. Gas Station operators' training	August 01
11. KCS West and South side picnic	August 03
12. KCS Olympics	August 23
13. Extraordinary Pothuyogam	August 31
14. KCS One Day Trip to Utica-	September 01
15. KCS Onam	September 07
16. KCS Youth Festival	October 11
17. Special Pothuyogam	October 18
18. Knanaya Night	October 18
19. Anual Pothuyogam	November 22
20. Social Body meeting	December 20

In addition to these, there were numerous two-year long activities organized by KCS sub-units for their respective members and projects implemented by Constitution Review Committee, Resource Committee and Dollar for Knanaya

Knanaya Community Retirement Homes project

Dear Knanaya Community Members:

It is not too early to think about retirement. As Knanaya people we know the importance of social support network and community life for successful retirement. Knanaya Community Retirement Homes project in Tampa, Florida.

More information please contct: Mr. Johny Puthenparampil (630 267 5123 Chicago), Mr. Jose Kottoor (248 802 6724 Detroit), Mr. Joy Melandasseril(813 368 1991 Tampa), Mr. Jose Uppoottil (813 334 5135 Tampa), and Mr. Stephen Theverkattukunnel (845 521 1266 New York).

സ്നേഹാദരങ്ങളോടെ...

(അഞ്ചാം പേജിൽനിന്നും തുടർച്ച)

യല്ലേ പാലിക്കുന്നത്. വിമർശിക്കുന്നവർക്ക് എന്തു യോഗ്യതയാണുള്ളത്. അവർ സ്വന്തജീവിതത്തിൽ അന്യമതസ്ഥരേയോ എന്തിന് പുതുക്രിസ്ത്യാനിയെ പോലും വിവാഹം കഴിക്കാൻ തയ്യാറല്ലല്ലോ. ബൈബിൾ വാചകം പ്രാവർത്തികമാക്കുന്നവരെങ്കിൽ എന്തിനാണ് പുതുക്രിസ്ത്യാനികൾക്കായി വിജയപുരം രൂപത പ്രത്യേകം സ്ഥാപിച്ചത്. അവിടെയൊന്നും എൻഡോഗമി ഇല്ല. ഞങ്ങൾക്കുമാത്രം പാടില്ല. ഇത്ര വിശാലമായി സഭയേയും ബൈബിളിനേയും കാണുന്നവരെങ്കിൽ എന്താനാണ് അമേരിക്കയിൽ സീറോ മലബാർ നീത്തുകൊണ്ടുവന്നത്. അതും പാരമ്പര്യം സംരക്ഷിക്കാനല്ലേ. അവിടെ എങ്ങനെയാണ് ന്യൂനപക്ഷമായ ക്നാനായക്കാന്റെ പാരമ്പര്യം സംരക്ഷിക്കുവാനുള്ള അവകാശം നിഷേധിക്കപ്പെടുന്നത്.

നമ്മുടെ ജീവിതം തന്നെ പ്രത്യാശയിലൂടെയാണല്ലോ കടന്നു പോകുന്നത്. അമേരിക്കയിലെ നമ്മുടെ എല്ലാ പള്ളികളും കോട്ടയം രൂപതയിലെ പള്ളികൾ പോലെയുള്ള സംവിധാനം റോം അനുവദിക്കും എന്നു നമ്മൾക്കു പ്രത്യാശിക്കാം. നിലവിലുള്ള നമ്മുടെ പള്ളികളും സംഘടനകളും നിലനിർത്തേണ്ടത് നമ്മുടെ തന്നെ ആവശ്യമാണ്. പള്ളിയുടേയും സംഘടനയുടേയും അംഗങ്ങളും സാമ്പത്തിക സഹായം ചെയ്യുന്നവരും രണ്ടും നമ്മുടേതു തന്നെ എന്നവകാശപ്പെടുന്നവരും ഓരേ ആൾക്കാർ തന്നെ ആയ സാഹചര്യത്തിൽ പല കാര്യങ്ങളിലും പള്ളിയും സംഘടനയും ഒന്നിച്ചു പ്രവർത്തിക്കാൻ സാധിക്കില്ലേ. ഉദാഹരണത്തിന് ക്രിസ്തുമസ് കരോൾ, ഫണ്ട് റൈസിംങ്ങ് മുതലായ കാര്യങ്ങൾ പള്ളിയും സംഘടനയും ഒന്നിച്ചു പ്രവർത്തിക്കുന്നത് അഭികാമ്യം ആയിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. രണ്ടും വിജയിപ്പിക്കേണ്ടത് ഇതേ ആൾക്കാർ തന്നെയാണല്ലോ. വാക്കുകളിലൂടെ സമുദായസ്നേഹം പറയുന്നതിനേക്കാൾ പ്രവൃത്തിയിൽ കാണിക്കുവാൻ നമ്മൾക്ക് ശ്രമിക്കാം. പള്ളിയുടേയും സംഘടനയുടേയും നിലനില്പ് ആഗ്രഹിക്കുന്നവരും ഒന്നിച്ചു സാഹോദര്യത്തിൽ പോകണമെന്നും ആഗ്രഹിക്കുന്നവരാണ് ചിക്കാഗോയിലെ ഭൂരിപക്ഷം കാനാനായക്കാരും. നേതൃത്വങ്ങൾ സഹകരിച്ചാൽ വളരെ നല്ലരീതിയിൽ നമ്മുൾക്ക് ഒറ്റക്കെട്ടായി മുന്നേറാൻ പറ്റും.

അമേരിക്കയിൽ പല സ്ഥലങ്ങളിലും ഇങ്ങനെ ഒന്നിച്ചു പ്രവർത്തിക്കുന്നുണ്ടത്രേ. അതൊരു നല്ല മാതൃകയാണ്. ഇവിടെ അങ്ങനെ നല്ലൊരു നാളെയെ നമ്മൾക്കു പ്രതീക്ഷിക്കാം. എല്ലാവർക്കും ക്രിസ്തുമസിന്റേയും പുതുവത്സരത്തിന്റേയും ആശംസകൾ നേർന്നുകൊണ്ടും സാമുദായിക കൂട്ടായ്മയോടു മുന്നേറാൻ പ്രാർത്ഥിച്ചുകൊണ്ടും നിർത്തട്ടെ.

സ്നേഹത്തോടെ

ബാബു തൈപ്പറമ്പിൽ

കെ. സി. എസ്. ജോ. സെക്രട്ടറി.

Sanju Mathew

Citywide Mortgage of America Corp.

NMLS(P)#1182672

Cell: 773-599-1816, Fax: 773-337-6970, sanjumathewp@gmail.com

Your trusted Illinois residential mortgage specialist











KCS

KNANAYA CATHOLIC SOCIETY OF CHICAGO
5110 N. Elston Ave., Chicago, IL 60630